ഉത്തരം

(എ) ഉണ്ട്.

(ബി) ഗിരിവർഗ്ഗക്കാർക്ക് വിതരണം ചെയ്യാൻ ഏക്കറേജ് തിട്ടപ്പെടുത്തി അറിയിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

റബ്ബർ കയറ്റുമതിക്ക് നൽകിയ സബ്സിഡി

51 [5505] ശ്രീ. പി. നാരായണൻ:
,, മാങ്കോട് രാധാകൃഷ്ണൻ:
,, എൻ. രാജൻ:
,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റബ്ബർ കയറ്റുമതി ഇനത്തിൽ സബ്സിഡിയായി സംസ്ഥാന സർക്കാർ സഹായധനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഏജൻസികൾക്ക് എത്ര രൂപ വീതം സബ്സിഡി നൽകിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റബ്ബർ കയറ്റുമതി സബ്സിഡി ഇനത്തിൽ വിവിധ ഏജൻസികൾക്കായി നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| റബർമാർക്ക് | .. | 1,21,15,867.85 | രൂപ |
| റബ്കോ | .. | 2,41,71,141.45 | ,, |
| കെ. എസ്. ഡബ്ലിയു. സി. (വെയർഹൗസിംഗ് കോർപ്പറേഷൻ) | .. | 1,82,238.00 | ,, |
| ഇൻഫാം | .. | 6,88,957.50 | ,, |

നെൽകൃഷി വികസനത്തിനായി സഹായങ്ങൾ

52 [5506] ശ്രീ. പിരപ്പൻകോട് മുരളി:
,, കെ. രാധാകൃഷ്ണൻ:
,, ടി. പി. രാമകൃഷ്ണൻ:
,, സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വികസനത്തിനായി സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly